# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2117 16.08.2017- ൽ മറുപടിക്ക്**

**വൈഗൈ ത്രഡ്സ് കമ്പനി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി** | **ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലത്ത് പ്രവർത്തിച്ചിരുന്നതും നേരത്തെ മധുരാ കോട്സ് എന്ന പേരിലും പിന്നീട് വൈഗൈ ത്രഡ്സ് എന്ന പേരിലും അറിയപ്പെട്ടിരുന്നതുമായ കമ്പനി അതിന്റെ പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത സ്ഥലം തിരിച്ചെടുക്കുന്നതിനും അനുയോജ്യമായ വികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) സർക്കാർ കമ്പനിയ്ക്ക് അനുവദിച്ച് നൽകിയിരുന്ന 84.85 ഏക്കർ സ്ഥലം സർക്കാരിലേയ്ക്ക് തിരിച്ച് പിടിച്ചിട്ടുണ്ട്. കൂടാതെ കമ്പനിയുടെ ഉടമസ്ഥതയിലുള്ളതും ഇതുവരെ ഏറ്റെടുത്തിട്ടില്ലാത്തതുമായ കമ്പനി പമ്പ് ഹൗസിന്റെ സ്ഥലം റവന്യൂ റിക്കവറി നടപടികളിലൂടെ ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) പ്രസ്തുത കമ്പനിയിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് കൂടുതൽ നഷ്ടപരിഹാരം നൽകുന്നതിനും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) കമ്പനി ലിക്വിഡേഷനുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് നിയമപരമായി കുടിശ്ശികയൊന്നും നിലവിലില്ല. അതിലുപരിയായി, തൊഴിലാളികൾക്ക് നഷ്ട പരിഹാരം നൽകുന്ന കാര്യം പരിശോധിച്ചതിന് ശേഷം തീരുമാനിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ